# പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത<br>ചോദ്യം നമ്പർ.**4852** | 26/06/2019-ൽ<br>മറുപടിയ്ക്ക് |

## <u>നിലമ്പൂർ ഗവ:കോളേജിലെ അധ്യാപക - അനധ്യാപക തസ്തികകൾ</u>

**ചോദ്യം** | **മറുപടി**

ശ്രീ.പി.വി.അൻവർ :

ഡോ.കെ.ടി.ജലീൽ
(ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | നിലമ്പൂർ സർക്കാർ കോളേജിൽ അധ്യാപക തസ്തികകൾ അനുവദിക്കാത്തതു കാരണം പ്രയാസങ്ങൾ നേരിടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഇല്ല. നിലമ്പൂർ സർക്കാർ കോളേജിൽ 8 അദ്ധ്യാപക തസ്തികകൾ അനുവദിച്ചിട്ടുണ്ട്. |
| (ബി) | അനധ്യാപക തസ്തികകൾ അനുവദിക്കണമെന്നാവശ്യപ്പെട്ട് 16/2/18 ലെ P1/40925/2012Collegiate education എന്ന ഫയലിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) & (സി) | നിലമ്പൂർ സർക്കാർ കോളേജിൽ സീനിയർ സൂപ്രണ്ട്, ഹെഡ് അക്കൗണ്ടന്റ്, ക്ളാർക്ക്, ടൈപ്പിസ്റ്റ്, ലൈബ്രേറിയൻ ഗ്രേഡ് IV, ലാബ് ലൈബ്രറി അറ്റൻഡർ ഓഫീസ് അറ്റൻഡന്റ് തുടങ്ങിയ അനധ്യാപക തസ്തികകൾ അനുവദിക്കണമെന്നാവശ്യപ്പെട്ട് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടുണ്ട്. തസ്തിക സൃഷ്ടിക്കുന്ന വിഷയം പരിഗണിക്കുന്നതിനായി നിശ്ചിത പ്രൊഫോർമയിൽ പ്രൊപ്പോസൽ സമർപ്പിക്കുവാൻ കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നല്കിയ പ്രകാരം പ്രൊഫോർമ ലഭ്യമായെങ്കിലും സാമ്പത്തിക ബാദ്ധ്യതയുടെ സ്റ്റേറ്റ്മെന്റ് ലഭ്യമാകാത്തതിനാൽ പ്രസ്തുത സ്റ്റേറ്റ്മെന്റ് കൂടി ഉൾപ്പെടുത്തി സമർപ്പിക്കുവാൻ കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. |
| (സി) | നിലമ്പൂർ ഗവണ്മെന്റ് കോളേജിൽ ജൂനിയർ സൂപ്രണ്ട്, ക്ലാർക്ക്, ഓഫീസ് അറ്റന്റന്റ് എന്നീ തസ്തികകൾ എങ്കിലും അടിയന്തിരമായി അനുവദിക്കാനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | | |

**സെക്ഷൻ ഓഫീസർ**